**കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,**
**തിരുവനന്തപുരം.**

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**<u>എച്ച്.ആർ.എം.പി.നമ്പർ : 5671/11/12/2024/റ്റി.വി.എം.</u>**

പരാതിക്കാരൻ : എസ്.സോളമൻ, റോസ് വില്ല, ചെമ്പരത്തി വിള, വഴുതൂർ, നെയ്യാറ്റിൻകര.പി.ഒ, തിരുവനന്തപുരം..

എതിർകക്ഷി : ശ്രീമതി സുനി നെല്ലുവേലി, D/o.. എൻ.വി.ദേവസ്യ, നെല്ലുവേലി ഹൗസ്, നം.12/34, ആലഞ്ചേരി, വാഴപ്പാറ.പി.ഒ, രാമങ്കരി പഞ്ചായത്ത്, ആലപ്പുഴ

**<u>ഉത്തരവ് തിയതി : 2024 ഡിസംബർ മാസം 06</u>**

1. പരാതിക്കാരനും നെയ്യാറ്റിൻകര സബ് രജിസ്ട്രാർ ശ്രീമതി മഞ്ജുഷയും ഇന്ന് കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. നോട്ടീസ് അയച്ചെങ്കിലും എതിർകക്ഷി ഹാജരായില്ല. സബ് രജിസ്ട്രാർ പറയുന്നത് നെടുമങ്ങാട് കുടുംബ കോടതിയുടെ 20-10-2021 തിയതിയിലെ IA No.01/2021 in O.P.No.1099/2021ലെ injunction Order ആദ്യം കിട്ടിയതനുസരിച്ച് അത് Registration Act പ്രകാരം Book- Volume No.I -ൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും അതിനാൽ ഇപ്പോൾ പരാതിക്കാരൻ ആവശ്യപ്പെടുന്നതു പോലെ മാറ്റങ്ങൾ വരുത്താൻ സാധിക്കില്ലെന്നും നിലവിലെ Order പ്രകാരമെ കാര്യങ്ങൾ തീരുമാനിക്കാൻ സാധിക്കുകയുള്ളുവെന്നും കുടുംബ കോടതിയിലെ കേസിൻെറ അന്തിമ വിധി ലഭിച്ചിട്ടില്ലെന്നും അന്തിമ വിധി പകർപ്പ് കിട്ടുന്ന മുറയ്ക്ക് അതു .Registration Act പ്രകാരമുള്ള Book- Volume No.I.-ൽ ചേർക്കുന്നതാണെന്നും പരാതിക്കാരന് വസ്തുവിൻെറ .possession കിട്ടിയിട്ടില്ലെന്നുമാണ്.

പരാതിക്കാരൻ ഫയൽ ചെയ്ത O.P.1169/2023. കേസിൽ 9-8-2023-ലെ നെയ്യാറ്റിൻകര കുടുംബ കോടതിയുടെ വിധിയിൽ "In the event of a sale the petitioner shall be entitled to the sale proceeds and the counter petitioner shall pass it on to the petitioner" എന്നു പറഞ്ഞിട്ടുള്ളതിനാൽ അത് മാറ്റാത്തിടത്തോളം കാലം അത് അവസാന തീർപ്പായി നിലനിൽക്കും. പ്രസ്തുത കേസിൽ കോടതിയിൽ നിന്നും അന്തിമ

വിധി ലഭ്യമാക്കി അതിന്റെ certified copy പരാതിക്കാരൻ നെയ്യാറ്റിൻകര സബ് രജിസ്ട്രാർക്ക് കൊടുക്കണം. സബ് രജിസ്ട്രാർ പറഞ്ഞതുപോലെ അത് പരിശോധിച്ച് Registration Act പ്രകാരമുള്ള Book- Volume No.I.-ചേർക്കണം. ആ വിധി അനുസരിച്ച് മാത്രമെ വസ്തു വിൽപ്പന നടത്താവൂ, അതിന്റെ ഉത്തരവാദിത്തം സബ് രജിസ്ട്രാർക്കുണ്ട്.

പരാതിക്കാരൻ ഫയൽ ചെയ്ത ഒ.പി.യിൽ ആവശ്യപ്പെട്ടിട്ടുള്ള സങ്കട നിവൃത്തികളോ അല്ലെങ്കിൽ അനുയോജ്യമായ ഉത്തരവുകളോ സമ്പാദിക്കുന്നതിന് അപ്പീൽ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള എല്ലാ അവകാശങ്ങളും കൈകൊള്ളുന്നതിന് പരാതിക്കാരന് സർവ്വസ്വാതന്ത്ര്യം ഉണ്ടായിരിക്കും. ഈ നിരീക്ഷണങ്ങളോടെ കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. പരാതിക്കാരനും എതിർകക്ഷിക്കും നെയ്യാറ്റിൻകര സബ് രജിസ്ട്രാർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)

ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ

j/